# കലയും കലാമണ്ഡലവും

ഡോ.കെ.ജി. പൗലോസ്

---

'കല' എന്ന സംസ്കൃതപദത്തിന് അംശം, ഭാഗം എന്നാണർത്ഥം. ചന്ദ്രന്റെ കല എന്നിടത്താണ് ഈ അർത്ഥം ഏറ്റവും തെളിമയോടെ വിളങ്ങുന്നത്. ഒരു സൂചന അതിലുണ്ട്. കല ക്രമേണ വളർന്നു പൂർണ്ണതയിലെത്തും; കല മാത്രമായി എന്നെന്നും അവശേഷിക്കുകയില്ല. പൂർണ്ണിമ ഒരു സങ്കല്പമാണ്, പ്രതീക്ഷയാണ്, സ്വപ്നമാണ്; അപൂർണ്ണതയാണ് സത്യം; അതുകൊണ്ട്, പൂർണ്ണിമയുടെ സാക്ഷാത്കാരത്തിന് വേണ്ടിയുള്ള പ്രയാണം എന്ന് കലകളെ സാമാന്യമായി നിർവചിക്കാം.

രണ്ടു ധർമ്മങ്ങളാണ് കലകൾ നമ്മുടെ ജീവിതത്തിൽ നിർവഹിക്കുന്നത്. ഒന്ന്, പൂർണ്ണതയേപ്പറ്റി ഒരു സങ്കല്പം മനസ്സിൽ വിടർത്തി പ്രതീക്ഷയെ വളർത്തുന്നു. മാനവ ചേതനയിൽ വാഗ്ദത്തഭൂമികൾ വിരിയുന്നതങ്ങനെയാണ്. അത്തരമൊന്നിനെ അകലെ കാണാതെ സമൂഹത്തിന് മുന്നോട്ട് കുതിക്കാൻ കഴിയുകയില്ല. രണ്ടാമത്തെ ധർമ്മം, കല നല്കുന്ന ആത്മവിശ്വാസമാണ്. പരിമിതികളിൽ നിന്ന് ഉണർത്തി മനസ്സിനെ ഉദാത്തമായൊരു തലത്തിലേയ്ക്കാനയിക്കാൻ കലയ്ക്ക് കഴിയുന്നു. ഈ വിശ്വാസം ജീവിത വിജയത്തിന്റെ കരുതൽധനമായി മാറുന്നു.

വൈകാരിക തലമാണ് കലകളുടെ മണ്ഡലം. അതുകൊണ്ട് കലകളുടെ പ്രവർത്തനത്തിന് എന്നും എവിടെയും സമാനതകളുണ്ടായിരിക്കും. അന്തശ്ചേതനയുടെ ആഹ്ലാദത്തിമർപ്പുകളെ ഫോക്കെന്നോ ക്ലാസിക്കൽ എന്നോ റിയലിസ്റ്റിക്കെന്നോ കള്ളികളിലിട്ട് വ്യവഹരിക്കുന്നതിലർത്ഥമില്ല. ഇത്തരം വേർതിരിവുകൾ അപ്രധാനങ്ങളാണ്; ഒരു പരിധി വരെ അയഥാർത്ഥവും.

എങ്കിൽപ്പോലും, വ്യവഹാരത്തിന്റെ സൗകര്യത്തിന് ചില തരംതിരിവുകൾ ആവശ്യമാണ്. ആദിമസമൂഹങ്ങളിൽ സമൂഹത്തിന്റെ നാവുകളായി, ആശയും ആശ്വാസവും പകരുന്ന വെളിപാടുകൾ നല്കിയത് പ്രകൃത്യതീതശക്തികളുടെ പ്രതിനിധികളായിരുന്നു. നമ്മുടെ വെളിച്ചപ്പാട് ഇതിനുദാഹരണമാണ്. പല രൂപത്തിലുമുള്ള അനുഷ്ഠാനങ്ങൾ ഉടലെടുത്തതങ്ങനെയാണ്. ഇത്തരം കൂട്ടായ്മയിലൂടെ സമൂഹാത്മകമായൊരു വികാരം പ്രകടിപ്പിക്കുകയാണ് പ്രാചീന സംസ്കൃതികൾ ചെയ്തത്. കാണുന്നവനെന്നോ അനുഷ്ഠിക്കുന്നവൻ എന്നോ ഉള്ള വേർതിരിവുകൾ അവിടെ ഉണ്ടായിരുന്നില്ല. അനുഷ്ഠാനം നടനമായപ്പോഴും ഈ നില തന്നെ തുടർന്നു. പൊതുവായൊരു കൂട്ടായ്മ-അത്രയേ ഉള്ളൂ. നാടോടി എന്ന് ഇന്ന് നാം വ്യവഹരിക്കുന്ന എല്ലാ കലാരൂപങ്ങളിലും ഈ സവിശേഷത കാണാം.

അനുഷ്ഠാനമായിട്ടല്ലാതെ പ്രേക്ഷകന് വേണ്ടി എന്തെങ്കിലും കാണിക്കുക എന്ന് വന്നപ്പോഴാണ് അരങ്ങ്, സദസ്സ് എന്നിങ്ങനെ വേർതിരിവുണ്ടായത്. കലാകാരനും കാഴ്ചക്കാരനും വ്യത്യസ്ത ഇടങ്ങൾ വന്നതപ്പോഴാണ്. ഇത് സൗന്ദര്യ സങ്കല്പങ്ങൾക്കും ലാവണ്യസിദ്ധാന്തങ്ങൾക്കും വഴിവെച്ചു. അഭിനയം അനുഷ്ഠാനത്തിൽ നിന്ന് വേർതിരിഞ്ഞു. പലപ്പോഴും അത് ശൈലീകൃതമായി. ഇത്തരത്തിൽ ചിട്ടപ്പെടുത്തിയ അഭിനയത്തിന്റെ രീതിശാസ്ത്രമാണ് ക്ലാസിക്കൽ കലാരൂപങ്ങൾക്ക് ജന്മം നല്കിയത്. ബി.ഡി. രണ്ടാം നൂറ്റാണ്ടിലുണ്ടായ നാട്യശാസ്ത്രത്തിന്റെ കാലത്തോളം പഴക്കമുണ്ട്, ഈ ശൈലീകരണത്തിന്.

### ക്ലാസിക്കൽ കലകൾ

അഖിലേന്ത്യാ തലത്തിലുള്ള അഭിനയ പാരമ്പര്യമുൾക്കൊള്ളുന്ന ശൈലീകൃത കലാരൂപങ്ങൾ എന്ന് ക്ലാസിക്കൽ കലകളെ നിർവചിക്കാം. കൂടിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം (കഥകളി), മോഹിനിയാട്ടം എന്നിവയാണ് കേരളീയമായ ക്ലാസിക്കൽ കലാരൂപങ്ങൾ.

സംസ്കൃതനാടകങ്ങളുടെ കേരളീയമായ ആവിഷ്കരണ രീതിയാണ് കൂടിയാട്ടം. എ.ഡി. 11–12 നൂറ്റാണ്ടുകളിലാണ് ഇത് ഉരുത്തിരിഞ്ഞത്. എങ്കിലും നാട്യശാസ്ത്രകാലം മുതലുള്ള അഭിനയാനുഭവങ്ങൾ ഇതിന്റെ പിന്നിലുണ്ട്. സംസ്കൃതനാടങ്ങൾ നാട്യവിഭാഗത്തിലാണ് പെടുന്നത്. എന്നാൽ കേരളത്തിൽ ഇത് ആട്ടമായിട്ടാണ് അവതരിക്കപ്പെട്ടത്. നാട്യത്തിൽ നൃത്താംശമേറുമ്പോൾ അത് ആട്ടമായി മാറുന്നു. ഗീതഗോവിന്ദത്തിന്റെ സ്വാധീനത്തിൽ രൂപപ്പെട്ട അഷ്ടപദിയാട്ടമാണ് അരങ്ങിൽ നൃത്യത്തിന് മേല്ക്കൈ നേടിക്കൊടുത്തത്. കൃഷ്ണകഥ ആടുന്ന കൃഷ്ണനാട്ടം ഇതിന്റെ തുടർച്ചയാണ്. ആട്ടം വ്യത്യസ്തശൈലിയിൽ രാമകഥകളിലേയ്ക്ക് മാറിയപ്പോഴാണ് കഥകളിയുടെ മുൻഗാമിയായി

രാമനാട്ടം ഉടലെടുത്തത്. കോട്ടയം കഥകളുടെ ആവിർഭാവത്തോടെ കഥകളി എന്ന പേരിൽ അതറിയപ്പെട്ടു. സ്ത്രീകളുടെ കേരളീയ ലാസ്യനൃത്യമാണ് മോഹിനിയാട്ടം.

**കഥകളി**

കഥയുടെ കളിയാണ് കഥകളി. കഥകൾ പുരാണങ്ങളിൽ നിന്നെടുത്തവയാണ്. അവയെ ആടാനുള്ള കഥകൾ എന്ന അർത്ഥത്തിൽ ആട്ടക്കഥകൾ എന്ന് പറയുന്നു. കഥകളിയിൽ കഥയ്ക്കല്ല, ആട്ടത്തിനാണ് പ്രാധാന്യം. ആട്ടം, അഭിനയം എന്നൊക്കെയാണ് കളി എന്ന പദത്തിനർത്ഥം.

ചിട്ടപ്പെടുത്തിയ അഭിനയക്രമമാണ് കഥകളിക്കുള്ളത്. മഹാനടന്മാരായ ആചാര്യന്മാരാണ് അഭിനയം ചിട്ടപ്പെടുത്തിയത്. പ്രശസ്തരായ നടന്മാരുടെ കീഴിലുള്ള കളിയോഗങ്ങളിലാണ് കളരിപഠനം നടന്നിരുന്നത്. പ്രഭുഗൃഹങ്ങളോട് ചേർന്നായിരുന്നു കളിയോഗങ്ങൾ ഉണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സമൂഹഘടനയിൽ വന്ന മാറ്റം കളിയോഗങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചു. കഥകളിയും മറ്റ് കലാരൂപങ്ങളും അനാഥമാകുന്ന ഒരു അവസ്ഥ ഉണ്ടായി. അപ്പോഴാണ് മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ കലാമണ്ഡലം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. 1902-ൽ ആരംഭിച്ച ടാഗോറിന്റെ വിശ്വഭാരതിയും 1927-ൽ തുടങ്ങിയ രുക്മിണീദേവി അരുണ്ഡലേയുടെ കലാക്ഷേത്രവും വള്ളത്തോളിന് മാതൃകകളായിരുന്നു. 1930-ൽ മഹാകവി മുകുന്ദരാജാവിന്റേയും സുഹൃത്തുക്കളുടേയും സഹായത്തോടെ സ്ഥാപിച്ച കലാമണ്ഡലം കഥകളിക്ക് മാത്രമല്ല കേരളീയ കലകൾക്കെല്ലാം അഭയവും ആശ്രയവുമായി നിലകൊള്ളുന്നു.

അനേകം ആചാര്യന്മാരുടെ അക്ഷീണപരിശ്രമം കൊണ്ട് ക്ലാസിക്കൽ കലകൾക്ക് പുതുജീവൻ പകരാനും അനശ്വരരായ അനേകം കലാകാരന്മാരെ സൃഷ്ടിക്കാനും കലാമണ്ഡലത്തിന് കഴിഞ്ഞിട്ടുണ്ട്.

പല കളിയോഗങ്ങളിലായി നടന്നിരുന്ന കഥകളിപഠനത്തിന് ഉണർവും ഊർജവും നല്കാൻ കലാമണ്ഡലത്തിന് കഴിഞ്ഞു. അതിന്റെ ഫലമായി കഥകളിക്ക് ഒരു 'കലാമണ്ഡലം ശൈലി' രൂപപ്പെട്ടിട്ടുണ്ട്. ശ്രീ.കൃഷ്ണൻകുട്ടി പൊതുവാൾ ആ ശൈലിയെ നിർവചിക്കുന്നതിങ്ങനെയാണ്:

> 'അഭ്യാസക്രമം, നൃത്തം, അഭിനയം, അഭിനയത്തികവിന് നാട്യധർമ്മിയിൽ ഉറച്ചുനിന്നുകൊണ്ടുള്ള നാടകീയത, ഗീതം, വാദ്യം, മുഖത്തുതേപ്പ്, ചുട്ടി, ആഹാര്യം, കലാകാരന്മാരുടെ ജീവിതരീതി എന്നിങ്ങനെ എല്ലാ അംശങ്ങളിലും വന്നു ചേർന്നിട്ടുള്ള സർവാംഗീണമായ ഒരു ശൈലീവിശേഷത്തെയാണ് കഥകളിയിലെ കലാമണ്ഡലംശൈലി എന്ന് ഞാൻ വിളിക്കുന്നത്'

കഥകളിയ്ക്ക് ആഗോളതലത്തിൽ അംഗീകാരം നേടുന്നതിനും അനേകായിരം ആസ്വാദകരെ സൃഷ്ടിക്കുന്നതിനും കലാമണ്ഡലത്തിന് കഴിഞ്ഞിട്ടുണ്ട്.

**കലാമണ്ഡലം**

1930-ലാണ് കലാമണ്ഡലം ആരംഭിച്ചത്. കക്കാട് കാരണവർ, മുകുന്ദരാജാവ്, മഹാകവി വള്ളത്തോൾ എന്നിവരുടെ ശ്രമഫലമായാണ് ഒരു സ്ഥാപനമെന്നനിലയിൽ കലാമണ്ഡലത്തിന് അസ്തിത്വമുറച്ചത്. കഥകളി മാത്രമേ ആദ്യമുണ്ടായിരുന്നുള്ളൂ. 1933-ൽ മോഹിനിയാട്ടം ആരംഭിച്ചു. തുടർന്ന് തുള്ളൽ, കൂടിയാട്ടം തുടങ്ങിയ വിവിധ കലാരൂപങ്ങൾ. ചെണ്ട, മൃദംഗം, കർണ്ണാടകസംഗീതം ഉൾപ്പെടെ പതിനാലു കലാവിഷയങ്ങളിൽ പഠനത്തിന് സൗകര്യം കലാമണ്ഡലത്തിൽ ഇപ്പോഴുണ്ട്. അഞ്ഞൂറിലധികം വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു. പതിമൂന്നുവയസ്സ് പൂർത്തിയാകാത്ത, എട്ടാംക്ലാസ്സിലേയ്ക്ക് ജയിച്ചവർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

എട്ടുവർഷം പഠനം പൂർത്തിയാകുമ്പോൾ ഐച്ഛികവിഷയത്തിൽ ബിരുദം ലഭിക്കുന്നു. ഗുരുകുലരീതിയിലാണ് പഠനക്രമം. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേല്ക്കണം. 4.30 മണി മുതൽ സാധകം ആരംഭിക്കും. എല്ലാ വിദ്യാർഥികളും കാമ്പസിൽ തന്നെ താമസിക്കണമെന്നത് നിർബന്ധമാണ്. തീവ്രവും ഗുരുകുലക്ലിഷ്ടവുമായ നീണ്ട അഭ്യാസത്തിന് ശേഷമാണ് ഒരു കലാകാരൻ അരങ്ങിലെത്തുന്നത് എന്നർത്ഥം.

കേന്ദ്രഗവൺമെന്റും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും കലാമണ്ഡലത്തിന് സർവകലാശാലാപദവി നല്കിയതോടെ കലാമണ്ഡലം വളർച്ചയുടെ പുതിയൊരു ഘട്ടത്തിലെത്തിയിരിക്കുന്നു. 2007 ജൂൺ 18-ന് പ്രഥമ വൈസ് ചാൻസലറായി ഡോ.കെ.ജി. പൗലോസ് ചുമതലയേറ്റതോടെയാണ് സർവകലാശാല എന്ന ശങ്കല്പം പൂവണിഞ്ഞത്.

സർവകലാശാല ആയതിന് ശേഷം കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര പഠനത്തിനും എം.ഫിൽ./പി.എച്ച്.ഡി. ഗവേഷണത്തിനും കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലാവണ്യശാസ്ത്രം, താരതമ്യപഠനം എന്നിങ്ങനെ സിദ്ധാന്തത്തിലൂന്നിയുള്ള പഠനങ്ങൾക്ക് ഈ തലത്തിൽ പ്രാധാന്യം നല്കുന്നു.

ഗുരുകുലപാരമ്പര്യത്തിലുള്ള കർശനമായ കളരിയഭ്യാസത്തെ കർശനമായി സംരക്ഷിച്ചുകൊണ്ട് ആധുനികസിദ്ധാന്തങ്ങൾ വിദ്യാർഥികൾക്ക് നല്കുക എന്നതാണ് സ്വീകരിച്ചിരിക്കുന്ന പാഠ്യക്രമം. ക്ലാസിക്കൽ കലകളുടെ പഠനത്തിൽ പഴമയെയും പുതുമയെയും സമഞ്ജസമായി സമന്വയിക്കുക എന്ന ദൗത്യമാണ് കലാമണ്ഡലം സർവകലാശാലയാകുന്നതോടെ ഏറ്റെടുത്തിരിക്കുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അനേകം കലാസ്വാദകർ തീർത്ഥാടകരായി കലാമണ്ഡലത്തിൽ എത്താറുണ്ട്; ടൂറിസ്റ്റുകളായിവരുന്നവരുമുണ്ട്. ഇവിടുത്തെ കളരിപഠനങ്ങളുടെ അപൂർവത സന്ദർശകരെ വിസ്മയിപ്പിക്കുന്നു. കലാപഠനത്തിന് ഇത്രയും സമഗ്രവും ചിട്ടയോടുകൂടിയതുമായ പഠനരീതി മറ്റെങ്ങും കണ്ടിട്ടില്ലെന്നാണ് അദ്ഭുതത്തോടെ അവർ രേഖപ്പെടുത്തുന്നത്.

കലാമണ്ഡലത്തിൽ പഠിക്കാൻ കഴിയുന്നത് സൗഭാഗ്യമായി വിദ്യാർഥികളും കരുതുന്നു. എം.എ., ബി.എ. തുടങ്ങിയ ബിരുദങ്ങളേക്കാൾ അവർ ആഗ്രഹിക്കുന്നത് പേരിനോടൊപ്പം കലാമണ്ഡലം എന്ന് ചേർക്കാൻ കഴിയുമ്പോഴുണ്ടാകുന്ന അഭിമാനത്തെയാണ്. ബിരുദങ്ങൾ എവിടെയും കിട്ടും; ഈ പേര് ഇവിടെ നിന്ന് മാത്രമേ കിട്ടുകയുള്ളൂ.

മഹാകവി അന്നു കലാമണ്ഡലം സ്ഥാപിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ കലകളുടെ സ്ഥിതി എന്താകുമായിരുന്നെന്ന്, സാംസ്കാരികരംഗത്ത് നാമെത്ര ദരിദ്രരാകുമായിരുന്നെന്ന്, ഇന്ന് മലയാളിക്ക് ഓർക്കാനേ വയ്യ.

---


*വാചസ്പതി*

**ഡോ. കെ. ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884–263440 (ഓഫീസ്), 04884–264477 (വീട്), മൊ: 9846041205

E-mail: kgpaulose@gmail.com, Website: www.kalamandalam.org.


---